7135
23/7/14

# കേരള സർക്കാർ

സംഗ്രഹം

സാമൂഹ്യനീതി വകുപ്പ്- ഇടുക്കി ജില്ലാതല ICDS സെൽ പുതിയ കെട്ടിടത്തിലേക്ക് മാറ്റുന്നത് - അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

സാമൂഹ്യനീതി (സി) വകുപ്പ്

സ.ഉ (സാധാ)നം. 434/2014/സാനീവ    തീയതി, തിരുവനന്തപുരം, 09.07.2014

---

പരാമർശം:- (1) 31.3.2014ലെ സ.ഉ (സാധാ).241/14/സാനീവ നം. ഉത്തരവ്.
(2) സാമൂഹ്യ നീതി വകുപ്പ് ഡയറക്ടറുടെ 9.4.2014ലെ ICDS ബി.5/30657/13 നം. കത്ത്.

## ഉത്തരവ്

സാമൂഹ്യനീതി വകുപ്പിനു കീഴിലുള്ള ഇടുക്കി ജില്ലാതല ICDS സെൽ തൊടുപുഴയിലെ വാടക കെട്ടിടത്തിൽ നിന്ന് തൊടുപുഴ മിനി സിവിൽ സ്റ്റേഷനു വേണ്ടി പുതുതായി നിർമ്മിച്ച കെട്ടിടത്തിലേയ്ക്ക് മാറ്റുന്നതിന്റെ ഭാഗമായി ഓഫീസ് സാധനങ്ങൾ മാറ്റിയതിന് വാഹനകൂലിയും കയറ്റിറക്കു കൂലിയും ചുമട്ടുകൂലിയുമുൾപ്പെടെ ആകെ ചെലവഴിച്ച തുകയായ 19750/- രൂപ 2013-14 സാമ്പത്തിക വർഷത്തെ 2235-02-102-98-01 (P) എന്ന ശീർഷകത്തിൽ നിന്ന് വഹിക്കുന്നതിന് പരാമർശം ഒന്നു പ്രകാരം അനുമതി നൽകിയിരുന്നു. എന്നാൽ പ്രസ്തുത തുക 2013-14 സാമ്പത്തിക വർഷാവസാനം അനുവദിച്ചതിനാൽ ആയത് മാറാൻ കഴിഞ്ഞില്ലെന്നും ടി തുക 2014-15 സാമ്പത്തിക വർഷത്തിൽ അനുവദിക്കണമെന്നും സാമൂഹ്യനീതി ഡയറക്ടർ പരാമർശത്തിലെ കത്തു പ്രകാരം അഭ്യർത്ഥിച്ചു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഇടുക്കി ജില്ലാതല ICDS സെൽ തൊടുപുഴയിലെ വാടക കെട്ടിടത്തിൽ നിന്ന് തൊടുപുഴ മിനി സിവിൽ സ്റ്റേഷനിലേക്ക് മാറ്റിയതിന്റെ ഭാഗമായി ചെലവായ 19750/- രൂപ

(പത്തൊൻപതിനായിരത്തി എഴുന്നൂറ്റി അൻപതു രൂപ മാത്രം) നടപ്പു സാമ്പത്തിക വർഷത്തെ 2235-02-102-98-01 (P)-OE-4 Other items എന്ന ശീർഷകത്തിൽ നിന്ന് വഹിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)
**എൽ.എ.ഗ്രിഗോറിയസ്**
ഡെപ്യൂട്ടി സെക്രട്ടറി

ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരളം, തിരുവനന്തപുരം
ജില്ലാ ട്രഷറി ഓഫിസർ, ഇടുക്കി
വെബ്& ന്യൂ മീഡിയ വിഭാഗം(വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ.